# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നം. 2058 | 15.07.2011- ൽ<br>മറുപടിയ്ക്ക് |

## ബി.ടെക്, എം.ബി.ബി.എസ് പ്രവേശനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | ബി.ടെക്, എം.ബി.ബി.എസ് എന്നീ കോഴ്സുകൾക്ക് ആകെ എത്ര സീറ്റുകളിലേക്കാണ് പ്രതിവർഷം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് ; | (എ) | 2010ൽ എഞ്ചിനീയറിംഗിന് 33919 സീറ്റും, എം.ബി.ബിഎസിന് 2150 സീറ്റുകളുമാണ് ഉണ്ടായിരുന്നത്. ക്രിസ്ത്യൻ മാനേജ്മെന്റിന്റെ കീഴിലെ 11 എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റു വിവരം ലഭ്യമല്ല. |
| (ബി) | ഇതിൽ എത്ര സീറ്റുകളാണ് സർക്കാർ മേഖലയിലുള്ളത് ; സ്വകാര്യ -സ്വാശ്രയ മേഖലയിലുള്ള സീറ്റുകൾ എത്രയാണ് ; | (ബി) | എഞ്ചിനീയറിംഗിന് സർക്കാർ മേഖലയിൽ 4404 സീറ്റുകളും, സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലായി 5895 സീറ്റുകളും ഉണ്ട്. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 23620 സീറ്റുകൾ ഉള്ളതിൽ 50% സർക്കാർ സീറ്റുകളിലേക്കാണ് അലോട്ട്മെന്റ് നടത്തുന്നത്. എം.ബി.ബിഎസ് കോഴ്സുകൾക്ക് സർക്കാർ മേഖലയിൽ 850 സീറ്റും, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 650 സീറ്റുകളും സർക്കാർ നിയന്ത്രണത്തിലുണ്ട് (2010-ലെ കണക്ക് പ്രകാരം). ബാക്കിയുള്ള സീറ്റുകൾ സ്വകാര്യ സ്വാശ്രയ കോളേജുകൾ നേരിട്ട് അഡ്മിഷൻ നല്കുന്നു. |

| | | | |
|---|---|---|---|
| **(സി)** | പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിലുണ്ടായിരുന്ന 10 ശതമാനം സംവരണം ഇപ്പോൾ സംരക്ഷിക്കപ്പെടുന്നുണ്ടോ ; ഇല്ലെങ്കിൽ കേരളത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം കണക്കാക്കിയാൽ എത്ര ശതമാനം സീറ്റുകളാണ് അവർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു നിലവിൽ ഉണ്ടായിരുന്ന 10% സംവരണം സംരക്ഷിച്ചിട്ടുണ്ട്. അതായത് പട്ടികജാതിക്ക് 8%വും പട്ടിക വർഗ്ഗത്തിന് 2% വും നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**